12/06/2020

16/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2184*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10802**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ജി.താണുപിള്ള,
എൻ.റ്റി.വി.നഗർ 86,
വടക്കേപൊറ്റൂർ, കടപ്പാക്കട പി.ഒ.,
കൊല്ലം - 691 008. — **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അണ്ടർ സെക്രട്ടറി,
ജലവിഭവ (ജലവിതരണ-ബി) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി സെക്രട്ടറി,
ജലവിഭവ (ജലവിതരണ-ബി) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.09.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.09.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.10.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജി.താണുപിള്ള,

28.09.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 01.10.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2184(2)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരവും പൂർണ്ണവുമായ മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും പൂർണ്ണമായ മറുപടി ലഭ്യമാക്കിയില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 11.07.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 03.08.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ഒന്നാം ഇനമായി ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 2(f) read with (j) പ്രകാരം നൽകാൻ നിർവ്വാഹമില്ലെന്നും രണ്ടാം ഇനമായി ആവശ്യപ്പെട്ട റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ ടി ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലെന്നും എന്നിരുന്നാലും ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് കേരള വാട്ടർ അതോറിറ്റിയുടെ എസ്.പി.ഐ.ഒ.യ്ക്ക് കൈമാറിയിട്ടുണ്ടെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 15.09.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ ടിയാന്റെ ഒന്നാം അപ്പീൽ പരിഗണനാർഹമല്ലാത്തതിനാൽ നിരസിക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിച്ച റിപ്പോർട്ട് ടി ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലെന്നും ടിയാന്റെ ഒന്നാം അപ്പീലിന് വ്യക്തമായ പരിശോധനയ്ക്ക്

ശേഷം സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM